

# ജലജീവിനാഡികളുടെ സംരക്ഷണം

**ഹിമാംശു താക്കൂർ**
പരിഭാഷ : ഇന്ദു വാസുദേവൻ

**ഇന്ത്യയുടെ** ജലജീവനാഡിയായ ഭൂഗർഭജലത്തിന്റെ കാര്യത്തിൽ അടിയന്തിരമായ ആസൂത്രണം ആവശ്യമായിരിക്കുകയാണ്. എന്നാൽ ഗവൺമെന്റ് ഈ പ്രശ്നത്തെ തീരെ ഗൗരവമുള്ളതായി കണക്കാക്കുന്നില്ല. ഗവൺമെന്റിന്റെ തന്നെ കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയുടെ ജലജീവനാഡിയായി കണക്കാക്കാവുന്നത് ഭൂഗർഭജലത്തെ മാത്രമാണെന്നാണ്. ഈ ജീവനാഡി ഇന്ന് ഗുരുതരമായ അവസ്ഥയിലായതിനാൽ എത്രയും വേഗത്തിൽ പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്. പക്ഷെ ഗവൺമെന്റിന്റെ തന്നെ ഉപേക്ഷകളുടെയും ചുമതലകളുടെയും പ്രവർത്തനഫലമായുണ്ടായ ഈ അവസ്ഥയെ തീരെ ഗൗരവമുള്ളതായി ഗവൺമെന്റ് കാണുന്നില്ല എന്ന് തെളിയിക്കുന്നതായിരുന്നു 2007 സെപ്തംബർ 11ന് നടന്ന ആദ്യ നാഷണൽ ഗ്രൗണ്ട് വാട്ടർ കോൺഗ്രസ്. നീർത്തടവികസനം, മഴവെള്ള സംഭരണം, തദ്ദേശീയ ജലസ്രോതസ്സുകൾ (സംഭരണികൾ, തടാകങ്ങൾ, കുളങ്ങൾ, കൊക്കർണികൾ, സുരംഗങ്ങൾ. തുടങ്ങിയ പല പേരിലാണ് അറിയപ്പെടുന്നതെങ്കിലും തദ്ദേശീയമായ ജലസംഭരണികൾ), നീർത്തടങ്ങൾ, വനങ്ങൾ, ചതുപ്പുകൾ, പുഴകൾ, എന്നിങ്ങനെ ഭൂഗർഭജലത്തിന്റെ പുനരുജ്ജീവനം സാധ്യമാകുന്ന നിലവിലുള്ള ജലസ്രോതസ്സുകളിൽ ശ്രദ്ധ പതിപ്പിക്കുന്നതിലൂടെ മാത്രമേ ഇന്ത്യയുടെ ഈ ജീവനാഡിയുടെ നിലനിൽപ്പ് സാധ്യമാകൂ. എന്നാൽ യഥാക്രമമായി വന്നുകൊണ്ടിരിക്കുന്ന വികസനങ്ങളുടെ പേരിൽ തദ്ദേശീയ ജലസംഭരണികളും നീർത്തടങ്ങളും വനങ്ങളും ചതുപ്പുകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവയ്ക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുക മാത്രമാണ് സംരക്ഷണത്തിന്റെ പേരിൽ ഉത്തരവാദിത്തപ്പെട്ടവർ ചെയ്തുപോരുന്നത്.

### ഭൂഗർഭജലത്തെ ജലജീവനാഡി എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?

ഗ്രാമങ്ങളിലേക്ക് ആവശ്യമായ ജലത്തിന്റെ 85% ലഭ്യമാകുന്നത് ഭൂഗർഭജലസ്രോതസ്സുകളിൽ നിന്നാണെന്നാണ് ഗവൺമെന്റ് കണക്കുകൾ സൂചിപ്പിക്കുന്നത്. നഗരങ്ങളിലെയും വ്യവസായശാലകളിലെയും ജലവിനിയോഗത്തിനാവശ്യമായതിൽ പകുതിയിലധികവും ഭൂഗർഭജലസ്രോതസ്സുകളിൽനിന്നാണ് ഉപയോഗിക്കപ്പെടുന്നത്. ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളിൽ കുറഞ്ഞത് മൂന്നിൽ രണ്ട് ഭാഗവും ഉല്പാദിപ്പിക്കുന്നത് ഭൂഗർഭജലസ്രോതസ്സുകൾ ഉപയോഗിച്ച് ജലസേചനം ചെയ്യപ്പെടുന്ന കൃഷിയിടങ്ങളിൽ നിന്നുമാണ്. കഴിഞ്ഞ 2 ദശകങ്ങളിലായി പുതിയതായി വന്ന ജലസേചനപദ്ധതികളിൽ 80% ത്തോളം ഭൂഗർഭജലസ്രോതസ്സുകളിൽ നിന്നാണെന്നാണ് ഗവൺമെന്റ് പറയുന്നത്. എന്നാൽ Dams, Rivers & People ന്റെ സെപ്തംബർ, ഒക്ടോബർ 2007, ലക്കം 8, 9 ലെ മുഖലേഖനത്തിലെ കണക്കുകൾ പ്രകാരം മറ്റ് സ്രോതസ്സുകളെല്ലാം പരാജയപ്പെട്ടതിനാൽ കഴിഞ്ഞ 12 വർഷത്തെ ജലസേചനം പൂർണ്ണമായും ഭൂഗർഭജലത്തെ മാത്രം ആശ്രയിച്ചാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിലേക്ക് ആവശ്യമായ കണക്കുകൾ എല്ലാംതന്നെ ഗവൺമെന്റ് ഡോക്യുമെന്റ്സിൽനിന്നും ശേഖ

രിച്ചിട്ടുള്ളതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ നാശമാണ് ഭൂഗർഭജലസൂചിക താഴുന്നതിന് ഒരു കാരണം. അതിനാൽ ഇപ്പോൾ നിലവിലുള്ള ഭൂഗർഭജല പുനരുജ്ജീവനത്തിന് സഹായിക്കുന്ന ജലസ്രോതസ്സുകൾക്ക് മാത്രമേ ഭൂഗർഭ ജലജീവനാഡിയുടെ നിലനിൽപ്പ് സാധ്യമാക്കാൻ കഴിയൂ. എന്നിട്ടും 11-ാം പദ്ധതിയിൽ ജലസ്രോതസ്സുകൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ 80% വലിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് വേണ്ടിയാണ്. നിലവിലുള്ള വലിയ അണക്കെട്ടുകളാണ് ഇപ്പോഴത്തെ ഭൂഗർഭജല ദൗർലഭ്യത്തിന് പ്രധാന കാരണം എന്നിരിക്കെ ഇത് തീർച്ചയായും ഒരു വലിയ ദുരന്തത്തെ ക്ഷണിച്ചുവരുത്തലാണ്.

### വഴിതെറ്റിക്കുന്ന വിശകലനങ്ങൾ

സെപ്തംബർ 2007ൽ ഡൽഹിയിലെ ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് കേന്ദ്ര ജലവിഭവ വകുപ്പു മന്ത്രി പറഞ്ഞത് ഭൂഗർഭജല സ്രോതസ്സുകളുടെ മേൽ സമ്മർദ്ദം ഉണ്ടാകുവാൻ കാരമായിട്ടുള്ളത് അവയെ അമിതമായി ഉപയോഗിക്കുന്നത് മൂലമാണെന്നാണ്. ഇന്ന് നിലവിലുള്ള ഭൂഗർഭ ജലസ്രോതസ്സുകൾ നിർവ്വഹിക്കുന്ന ധർമ്മവും അവയുടെ നാശത്തിന്റെ യഥാർത്ഥ കാരണവും പാടെ അവഗണിക്കുന്നതും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതും അപരിപൂർണ്ണവുമാണ് ഈ പ്രസ്താവന. അമിത ഉപയോഗത്തേക്കാൾ ഭൂഗർഭജലസ്രോതസ്സുകളുടെ ശോഷണത്തിന്റെ ഒരു പ്രധാന കാരണവും ഇതുതന്നെയാണ്. ഇന്ന് നിലവിലുള്ളതും ഭൂഗർഭജല പുനരുജ്ജീവനത്തിന് സഹായിക്കുന്നതുമായ ഘടകങ്ങളുടെ നാശം തടയാൻ സാധിച്ചാൽ തന്നെ ഈ അവസ്ഥ കുറേക്കൂടി മെച്ചപ്പെടുത്താവുന്നതാണ്. പക്ഷെ ഇന്ന് രാജ്യം മുഴുവനും ഇവ നാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. തരുൺ ഭാരത് സംഘ് എന്ന സംഘടനയുടെയും അതുപോലെതന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച് വരുന്ന (ഇവയിൽ ചിലതിന് 2007 സെപ്തംബർ 11ന് മാതൃകാപരമായ പ്രവർത്തനങ്ങൾക്കുള്ള അവാർഡ് നൽകുകയുണ്ടായി) പല സംഘടനകളുടെയും പ്രവർത്തനങ്ങൾ തെളിയിക്കുന്നത് തദ്ദേശയമായ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്താൽ രാജ്യത്തെ വരണ്ട പ്രദേശമായ രാജസ്ഥാനിൽപോലും ഭൂഗർഭജലവിതാനം ഉയർത്തുവാൻ സാധിച്ചു എന്നതാണ്. എന്നാൽ നമ്മുടെ ശാസ്ത്രജ്ഞന്മാർ ഇപ്പോഴും ആഴ്സനിക് മലിനീകരണം പോലുള്ളവ കുറയ്ക്കുന്നതിന് വേണ്ടി നിർദ്ദേശിക്കുന്നത് മഴവെള്ള സംഭരണവും ഭൂഗർഭജല റീച്ചാർജ്ജിംഗും നല്ല സാധ്യതകളാണെന്നാണ്. അല്ലാതെ ഭൂഗർഭജല പുനചംക്രമണം നിലനിർത്തുന്നതിന് സഹായിക്കുന്ന മറ്റ് ഘടകങ്ങളുടെ നാശം അവസാനിപ്പിക്കുന്നതിന് ഒരു നയവും രൂപീകരിക്കപ്പെടുന്നില്ല.

### തെറ്റായ നിർദ്ദേശങ്ങൾ

കഴിഞ്ഞ 11 വർഷമായി ഗവൺമെന്റ് സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലൂടെ തികച്ചും കേന്ദ്രീകൃതമായും നിരുത്തരവാദിത്വപരമായും പങ്കാളിത്തമില്ലാതെയുമാണ് ഭൂഗർഭജലവിനിയോഗം നിയന്ത്രിച്ചും വന്നിരുന്നത്. പക്ഷെ ഇത്തരമൊരു രീതി ഉപയോഗിച്ച് ഭൂഗർഭജല വിനിയോഗം നിയന്ത്രിക്കുവാൻ ഒരിക്കലും സാധ്യമല്ല. അതുകൊണ്ടുതന്നെ സെൻട്രൽ അതോറിറ്റി അതിന്റെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഒരു വികേന്ദ്രീകൃത വിഭവമായ ഭൂഗർഭജലത്തിന്റെ വിനിയോഗനിയന്ത്രണം തദ്ദേശീയ സമൂഹങ്ങളുടെ നിയന്ത്രണത്തിൽ ഉള്ള യൂണിറ്റുകളിൽനിന്നും ആരംഭിച്ചാൽ മാത്രമേ ശരിയായ വിധത്തിലുള്ള ഭൂഗർഭജല വിനിയോഗ നിയന്ത്രണം നടപ്പിലാക്കാൻ സാധിക്കൂ.

### എന്താണ് ഇനി ചെയ്യുവാൻ സാധ്യമായിട്ടുള്ളത്?

ജലവിഭവങ്ങളോടുള്ള നമ്മുടെ സമീപനത്തിൽ നാടകീയവും മൗലികവുമായ ഒരു മാറ്റം ആവശ്യമായിരിക്കുകയാണ്. ഭൂഗർഭജലത്തെക്കുറിച്ച് എവിടെയും അപകടകരമായ ഒരു ഉദാസീനതയാണ് കാണപ്പെടുന്നത് എന്നാണ് രണ്ടുവർഷം മുമ്പ് ലോകബാങ്കു തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളത്. നമ്മുടെ ആസൂത്രണങ്ങളിലും ബഡ്ജറ്റിലും ഇത്തരത്തിലുള്ള നയങ്ങളെക്കുറിച്ച് പര്യാലോചിക്കേണ്ടത് ഒരു ആവശ്യം തന്നെയാണ്. ഭൂഗർഭജലത്തിന്റെ ഉപയോഗവും നിയന്ത്രണവും ക്രമീകരിക്കുന്നതിന് നിയമപരമായി സമ്മർദ്ദം ചെലുത്താവുന്ന ഒരു സ്ഥിരം സേനാസംവിധാനത്തിലുള്ള ഒരു സമൂഹത്തെയാണ് നാമിത് കൈകാര്യം ചെയ്യുന്നതിന് ഏൽപ്പിക്കേണ്ടത്. ഭൂഗർഭജലം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ശാസ്ത്രീയമായി നമുക്കുള്ള അറിവുകളും ഭൂഗർഭജലഭൃതങ്ങളെക്കുറിച്ച് ശാസ്ത്രീയമായി മനസ്സിലാക്കിയതുമെല്ലാം ഇനിയും വളരെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ജലസേചനം വളരെ കുറച്ചുമാത്രം ആവശ്യമുള്ള എസ്.ആർ.ഐ. പോലെ ജലസംരക്ഷണത്തിനുതകുന്ന പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗത്താൽ ഭൂഗർഭജല ഉപയോഗം കുറയ്ക്കാൻ വളരെ സമർത്ഥമായി സാധിക്കുന്നു. സെപ്തംബർ 11ന് നടന്ന നാഷണൽ ഗ്രൗണ്ട് വാട്ടർ കോൺഗ്രസ്സിൽ ഇവ അവതരിപ്പിക്കുവാൻ ഒരവസരം ലഭിച്ചിരുന്നു. നിർഭാഗ്യവശാൽ ഇവയൊന്നും തന്നെ ഉപയോഗത്തിൽ വരുത്തിയതായി കാണുവാൻ സാധിച്ചില്ല. കൃത്രിമമായി ഭൂഗർഭജല പുനരുജ്ജീവനം നടത്തുന്നതിനുള്ള ഉപദേശകസമിതി 14 ദിവസത്തിനുശേഷം 2007 സെപ്തംബർ 12ന് യോഗം ചേർന്നത് ഗവൺമെന്റിന്റെ കാര്യഗൗരവമില്ലായ്മയാണ് പ്രതിഫലിപ്പിക്കുന്നത്.

*(Dams, Rivers & People,*
*സെപ്തംബർ-ഒക്ടോബർ 2007)*
*റിവർ റിസർച്ച് സെന്റർ, ഒല്ലൂർ*